(സി) ഇല്ലെങ്കിൽ അവ തയ്യാറാക്കാനാവശ്യമായ അടിയന്തിര നടപടികൾ സ്വീകരിക്കുമോ;

(ഡി) സ്വാശ്രയ മേഖല, സഹകരണ മേഖല എന്നിവയിൽ ഏതിലാണ് ഈ കോളേജ് ഉൾപ്പെടുന്നതെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ)-(ഡി) സി-ഡിറ്റിന് കേരള സർവ്വകലാശാലയുടെ കീഴിലുള്ള അഫിലിയേറ്റഡ് കോളേജായി അംഗീകാരം നൽകുന്നത് സംബന്ധിച്ച് പരിശോധനയ്ക്കായി യൂണിവേഴ്സിറ്റി സിൻഡിക്കേറ്റ് കമ്മിറ്റി സി-ഡിറ്റ് സന്ദർശിച്ചിരുന്നു. അഫിലിയേഷൻ സംബന്ധിച്ച് യാതൊരുവിധ ഔദ്യോഗിക അറിയിപ്പുകളും കേരള യൂണിവേഴ്സിറ്റിയിൽനിന്നും ലഭിച്ചിട്ടില്ല.

23 (1664) കേരള ഗസറ്റിയർ എഡിറ്റർ തസ്തിക

ശ്രീ. നാലകത്ത് സൂപ്പി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാംസ്കാരിക വകുപ്പിൽ കേരള ഗസറ്റിയർ എഡിറ്റർ തസ്തികയിലേക്ക് അപേക്ഷ ക്ഷണിച്ചിരുന്നോ; എങ്കിൽ നേരിട്ടുള്ള നിയമനത്തിനാണോ അപേക്ഷ ക്ഷണിച്ചിരുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) അപേക്ഷയുടെ അടിസ്ഥാനത്തിൽ ഇന്റർവ്യൂ നടത്തി റാങ്ക് ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ടോ; ഇതിൽ ആരെയാണ് നിയമിച്ചത്; പ്രസ്തുത നിയമനം ഡെപ്യൂട്ടേഷൻ വ്യവസ്ഥയിലാണോ;

(സി) റാങ്ക്ലിസ്റ്റിന്റെ പകർപ്പ് മേശപ്പുറത്ത് വയ്ക്കുമോ;

(ഡി) നേരിട്ടുള്ള നിയമനത്തിന് അപേക്ഷ ക്ഷണിച്ചിട്ട് ഡെപ്യൂട്ടേഷനിൽ നിയമനം നടത്തിയത് ശരിയാണോ; പ്രസ്തുത നിയമനം റദ്ദ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ)-(ഡി) കേരള ഗസറ്റിയേഴ്സ് വകുപ്പിൽ എഡിറ്റർ തസ്തികയിലേക്ക് അപേക്ഷ ക്ഷണിക്കുകയോ ഇന്റർവ്യൂ നടത്തുകയോ ചെയ്തിട്ടില്ല.

25 (1666) മ്യൂസിയം ക്യാന്റീൻ അനുവദിച്ചതിൽ ക്രമക്കേട്.

ശ്രീ. ചെർക്കളം അബ്ദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരത്തെ മ്യൂസിയത്തോടും മൃഗശാലയോടും അനുബന്ധിച്ചുള്ള ക്യാന്റീൻ അനുവദിച്ചതിൽ ക്രമക്കേട് നടന്നതായി പരാതി കിട്ടിയിട്ടുണ്ടോ; എങ്കിൽ ഇതു സംബന്ധിച്ച് അന്വേഷിക്കുകയോ പരാതിക്കാരൻ മറുപടി നൽകുകയോ ചെയ്തിട്ടുണ്ടോ;

(ബി) ഈ ക്യാന്റീൻ ദർഘാസ് ക്ഷണിക്കുന്നത് ഇനി എപ്പോഴാണ്;

(സി) മ്യൂസിയം കാമ്പൗണ്ടിൽ എത്ര കച്ചവട സ്ഥാപനങ്ങളാണ് നിലവിലുള്ളത് എന്നും ഏതെല്ലാം ഇനങ്ങളാണ് ഇവിടെ വില്പന നടത്തുന്ന

LIBRARY ARCHIVES Kerala Legislative Assembly

തെന്നും പ്രസ്തുത സ്ഥാപനങ്ങൾക്ക് ഓരോന്നിനും എത്ര രൂപ വീതമാണ് വാടക ഈടാക്കുന്നത് എന്നും വെളിപ്പെടുത്തുമോ;

(ഡി) ഹിസ്റ്റോറിക്കൽ മ്യൂസിയത്തിലേക്കുള്ളവഴിയിൽ നടത്തുന്ന ശീതള പാനീയ കച്ചവടത്തിന് എത്ര രൂപയാണ് മാസവാടക നിശ്ചയിച്ചിട്ടുള്ളത്;

(ഇ) മ്യൂസിയം ക്യാന്റീൻ നടത്തുന്ന കോൺട്രാക്ടർക്ക് ഹിസ്റ്റോറിക്കൽ മ്യൂസിയത്തിലേക്ക് പോകുന്ന വഴിയിൽ സ്ഥിരമായി ശീതളപാനീയ കച്ചവടം കൂടി നടത്താൻ അനുവദിക്കുമോ;

(എഫ്) മ്യൂസിയം കാമ്പൗണ്ടിൽ ശീതളപാനീയ കമ്പനികൾക്ക് എത്ര പരസ്യകുടകളാണ് സ്ഥാപിക്കാൻ അനുവാദം നൽകിയിട്ടുള്ളത്; ഇതിൽ നിന്നും എത്ര രൂപയാണ് മ്യൂസിയത്തിന് കിട്ടുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പരാതി ലഭിച്ചിട്ടുണ്ട്. എന്നാൽ ഇത് സംബന്ധിച്ച് നടത്തിയ അന്വേഷണത്തിൽ പരാതിക്കടിസ്ഥാനമായ സംഗതി സത്യവിരുദ്ധമാണെന്ന് ബോധ്യപ്പെട്ടിട്ടുണ്ട്. പരാതിക്കാരന് മറുപടി നൽകിയിട്ടില്ല.

(ബി) ഇപ്പോഴത്തെ ക്യാന്റീൻ കാലാവധി 1999 മേയ് 15-ന് അവസാനിക്കുന്നതിനാൽ പുതിയ ദർഘാസുകൾ ക്ഷണിച്ചിട്ടുണ്ട്.

(സി) മ്യൂസിയം കാമ്പൗണ്ടിൽ താഴെ പറയുന്ന 4 കച്ചവടസ്ഥാപനങ്ങളാണ് പ്രവർത്തിക്കുന്നത്.

സ്ഥാപനം	വിൽപന നടത്തുന്ന ഇനം
1. മ്യൂസിയം	കാന്റീൻ, ഭക്ഷണസാധനങ്ങളും, ശീതള പാനീയങ്ങളും.
2. കെ.റ്റി.ഡി.സി. ശമ്പള	ഭക്ഷണ സാധനങ്ങളും ശീതള പാനീയങ്ങളും.
3. മിൽമ പാർലർ.	മിൽമ ഉല്പന്നങ്ങൾ.
4. എച്ച്.പി.എം.സി. സ്റ്റാർ.	ആപ്പിൾ, ഓറഞ്ച്, ലൈം ജ്യൂസുകൾ തുടങ്ങിയ എച്ച്.പി.എം.സി. ഉല്പന്നങ്ങൾ.

മ്യൂസിയം കാന്റീൻ പ്രതിമാസം 1747/- രൂപയും എച്ച്.പി.എം.ബി. സ്റ്റാർ 312/50 രൂപയും വാടക നിശ്ചയിച്ചാണ് നൽകിയിരിക്കുന്നത്. മറ്റു സ്ഥാപനങ്ങൾ നടത്തുവാൻ സ്ഥലം റവന്യൂ ഡിപ്പാർട്ട്മെന്റ് പാട്ടവ്യവസ്ഥയിലാണ് നൽകിയിട്ടുള്ളത്.

(ഡി) പ്രത്യേക വാടക ഈടാക്കുന്നില്ല.

(ഇ) ഇപ്പോൾ മ്യൂസിയം കാന്റീൻ നടത്തുന്ന കോൺട്രാക്ടർ ശ്രീ. എൻ.കെ. പ്രഭാകരന് പ്രസ്തുത കാന്റീൻ നടത്തുന്ന കാലത്തോളം നാച്വറൽ ഹിസ്റ്ററി മ്യൂസിയത്തിലേയ്ക്ക് പോകുന്ന വഴിയിൽ ശീതള പാനീയങ്ങൾ വില്പന നടത്താൻ അനുമതി നൽകിയിട്ടുണ്ട്. കാന്റീൻ കാലാവധി തീരുമ്പോൾ ഇത് സംബന്ധിച്ച് നൽകിയിട്ടുള്ള അനുമതിയുടെ കാലാവധിയും അവസാനിക്കുന്നതാണ്.

144/2010.

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) മ്യൂസിയം കാമ്പൗണ്ടിൽ ശീതള പാനീയ കമ്പനികൾക്ക് പര സ്യക്കുടകൾ സ്ഥാപിക്കാൻ അനുവാദം നൽകിയിട്ടില്ല.

26 (1668) കുടിവെള്ളക്ഷാമം പരിഹരിക്കുവാൻ നടപടി

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. ബി. വിജയകുമാർ :
ശ്രീ. കെ. ബാബു :
ശ്രീ. കെ.കെ. രാമചന്ദ്രൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ നഗരങ്ങളിൽ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്ന പ്രദേശങ്ങൾ ഏതെല്ലാമാണ്;

(ബി) ഈ പ്രദേശങ്ങളിൽ കുടിവെള്ളക്ഷാമത്തിന് പരിഹാരമുണ്ടാ ക്കുവാൻ എന്തെല്ലാം പരിപാടികളാണുള്ളത്;

(സി) ഇവ എത്രയും വേഗം നടപ്പിലാക്കുവാൻ നടപടി സ്വീകരി ക്കുമോ?

ഉത്തരം

(എ) തിരുവനന്തപുരം നഗരത്തിലെ ഉയർന്ന പ്രദേശങ്ങളായ പൂജ പ്പുര, മുടവൻമുഗൾ, തമലം, കരമന, നെടുങ്കാട്, തളിയൽ കുര്യാത്തി, ചെട്ടി ക്കുളങ്ങര എന്നീ പ്രദേശങ്ങളിൽ കുടിവെള്ളക്ഷാമം അനുഭവപ്പെട്ടിരുന്നു. എന്നാൽ 26.1.99-ൽ തിരുവനന്തപുരം ഇടക്കാല ശുദ്ധജല വിപുലീകരണ പദ്ധതി കമ്മിഷൻ ചെയ്തതോടുകൂടി ഈ പ്രദേശങ്ങളിലെ ജലക്ഷാമം ഒരു പരിധിവരെ പരിഹരിക്കപ്പെട്ടിട്ടുണ്ട്.

കൊച്ചി നഗരത്തിലെ എല്ലാ പ്രദേശങ്ങളിലും വേനൽക്കാലത്ത് പൊതുവേ ശുദ്ധജല ദൗർലഭ്യം അനുഭവപ്പെടുന്നുണ്ട്. കോഴിക്കോട് നഗര ത്തിലെ ഉയർന്ന പ്രദേശങ്ങളായ വെസ്റ്റ്ഹിൽ കൊക്കോഴിക്കോട്, സിവിൽ സ്റ്റേഷൻ പുതിയറ, പൊന്നറക്കോട്കുന്ന് എന്നിവിടങ്ങളിൽ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നുണ്ട്.

(സി) തിരുവനന്തപുരം ഇടക്കാല വിപുലീകരണ പദ്ധതി കമ്മിഷൻ ചെയ്തതോടുകൂടി നഗരത്തിലെ ഉയർന്ന പ്രദേശങ്ങളിൽ അനുഭവപ്പെട്ട ജല ദൗർലഭ്യം ഒരു പരിധിവരെ പരിഹരിക്കാൻ കഴിഞ്ഞിട്ടുണ്ട്. ജപ്പാനിലെ ധന കാര്യ ഏജൻസിയായ ഒ.ഇ.സി.എഫിന്റെ ധനസഹായത്തോടെ നടപ്പിലാക്കി വരുന്ന തിരുവനന്തപുരം നഗരശുദ്ധജല വിപുലീകരണ പദ്ധതി പൂർത്തിയാ കുന്നതോടുകൂടി തിരുവനന്തപുരം നഗരത്തിനും സമീപ പഞ്ചായത്തു കൾക്കും അവശ്യാനുസരണം ശുദ്ധജലം ലഭ്യമാകും.

ഹഡ്കോയുടെ സാമ്പത്തിക സഹായത്തോടെ നടപ്പിലാക്കി വരുന്ന ഇടക്കാല വിപുലീകരണ പദ്ധതി പൂർത്തിയാകുന്നതോടെ കൊച്ചി നഗര ത്തിലെ കുടിവെള്ളക്ഷാമം ഒരു പരിധിവരെ പരിഹരിക്കാനാവും. കൂടാതെ കൊച്ചി നഗരത്തിലെയും പ്രാന്ത പ്രദേശങ്ങളിലേയും കുടിവെള്ള പ്രശ്ന ത്തിന് ശാശ്വത പരിഹാരമുണ്ടാക്കുവാൻ കൊച്ചി ശുദ്ധജല വിപുലീകരണ പദ്ധതി ഫ്രഞ്ചു ഗവൺമെന്റിന്റെ സാമ്പത്തിക സഹായത്തോടെ നടപ്പിലാക്കു വാൻ ഉദ്ദേശിക്കുന്നു. പ്രസ്തുത പദ്ധതി പൂർത്തിയാകുമ്പോൾ കൊച്ചി നഗര

LIBRARY ARCHIVES Kerala Legislative Assembly